**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി സെൽ-ബി) വകുപ്പ്**

സർക്കുലർ നം. 31/2020/ധന. തീയതി, തിരുവനന്തപുരം, 08/06/2020

**സർക്കുലർ**

വിഷയം-ധനകാര്യ വകുപ്പ്- കേന്ദ്രസർക്കാർ/ മറ്റുസംസ്ഥാന സർക്കാർ/ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പെൻഷൻ ലഭിയ്ക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നത് തടയുന്നത്- സംബന്ധിച്ച്.

സൂചന- സർക്കുലർ നം.07/2020/ധന. തീയതി 25.04.2019.

സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റിവന്നിരുന്ന സർക്കാർ ജീവനക്കാർ/ സർവ്വീസ് പെൻഷണർമാർ/ കുടുംബ പെൻഷണർമാർ എന്നിവരെ ഗുണഭോക്തൃപ്പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനും ഇപ്രകാരം അനർഹമായി കൈപ്പറ്റിയ തുക തിരികെ അടവാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ/ മറ്റു സംസ്ഥാന സർക്കാരുകൾ/ പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പെൻഷൻ/ ഫാമിലി പെൻഷൻ ലഭിയ്ക്കുന്നവർ സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റുന്നുവെന്ന പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും, കേന്ദ്ര സർക്കാർ/ മറ്റു സംസ്ഥാന സർക്കാരുകൾ/ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പെൻഷൻ/ ഫാമിലി പെൻഷൻ ലഭിയ്ക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നില്ലായെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും, ഇത്തരക്കാർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന പക്ഷം അവരെ പെൻഷൻ ഗുണഭോക്തൃപ്പട്ടികയിൽ നിന്നും അടിയന്തരമായി ഒഴിവാക്കേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു.

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള തിരുവനന്തപുരം.
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.
5. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ

ഗ്രാമ പഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്)

6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
7. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
9. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
10. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്)
11. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
12. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
13. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (നം. 1495800/എസ്.എഫ്.സി.ബി2/2020/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ